UGC CELL 3 / 24226 / 2017 / DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 06.01.2021

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം - യു.ജി.സി. സെൽ - പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ട് അധികമായി നൽകിയിട്ടുള്ള തുക തിരിച്ച് പിടിക്കുന്നത് - വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. കേരള യൂണിവേഴ്സിറ്റിയുടെ 07-01-2020 ലെ A&C II/I/2019 നമ്പർ കത്ത്.
2. കൊല്ലം, കോട്ടയം ഡെപ്യൂട്ടി ഡയറക്ടർമാർക്കും കേരള സർവ്വകലാശാല അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാളുമാർക്കും ആയച്ചിട്ടുള്ള 25-02-2020, 10-03-2020, 11-08-2020, 16-10-2020 തീയതികളിലെ ഇതേ നമ്പർ കത്തുകൾ.

*********

സൂചന (2) കത്തുകളിലെ നിർദ്ദേശ പ്രകാരം 2010 - 2016 കാലയളവിൽ റെഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാ പേപ്പർ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് അധികമായി നൽകിയിട്ടുള്ള തുക സർവകലാശാല നിർദ്ദേശിച്ച പ്രകാരം തിരിച്ച് അടക്കുകയും ആറാം യു.ജി.സി. ശമ്പളപരിഷ്കരണ കുടിശ്ശികയുടെ നാലാം ഗഡു വിതരണം ചെയ്തപ്പോൾ തടഞ്ഞുവച്ച 20% തുക ക്ലെയിം ചെയ്യുകയും ചെയ്തിട്ടുള്ള അദ്ധ്യാപകരുടെ റീഫണ്ട് തുക, കുടിശ്ശികയുടെ നാലാം ഗഡു തുക, മാറിയ ബിൽ തുക ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന് അറിയിക്കുന്നു.

പകർപ്പ്

1. ഡെപ്യൂട്ടി ഡയറക്ടർ,
   കൊല്ലം, കോട്ടയം.
2. പ്രിൻസിപ്പാൾ
   കേരള സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള
   സർക്കാർ കോളേജുകൾ

Approval Valid

Digitally Approved By
ഡോ. കെ.എൻ. കൃഷ്ണകുമാർ
Date: 06.01.2021
Reason: Approved

ഒപ്പ്/-
**ഡോ. കെ.എൻ. കൃഷ്ണകുമാർ**
അഡിഷണൽ ഡയറക്ടർ

3

R = (o)

"മലയാളം ഭാഷ മാതൃ ഭാഷ"


## കേരള സർവകലാശാല

തിരുവനന്തപുരം, കേരളം – 695034.

(Established as University of Travancore by the Travancore University Act in 1937 and reconstituted as University of Kerala by the Kerala University Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)

(Re-accredited by NAAC with 'A' Grade)


എം ആൻഡ് സി II /1/ 2019 07.01.2020

**പ്രേഷിതൻ**

രജിസ്ട്രാർ
കേരള സർവ്വകലാശാല.

**സ്വീകർത്താവ്**

പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ വകുപ്പ്

**വിഷയം** :-റെഗുലർ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം നടത്തിയതിന് 2010 -2015 കാലഘട്ടങ്ങളിൽ സർവ്വകലാശാല നൽകിയ പ്രതിഫലത്തുക തിരിച്ചുപിടിച്ച് തടഞ്ഞു വെച്ചിരിക്കുന്ന ആറാം യു ജി സി ശമ്പള പരിഷ്കരണ കുടിശ്ശിക തുക അധ്യാപകർക്ക് വിതരണം ചെയ്യുന്നത് സംബന്ധിച്ച് -

**സൂചന** :- 1. 29.10.2019 ൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച HEDN-C3/25/2018-HEDN നമ്പർ കത്ത്

2. 22.11 .2019 ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുറ്റ്സ്

മാഡം,

സൂചന (1) പ്രകാരം 2010 -2015 കാലഘട്ടങ്ങളിൽ യു ജി സി നിരക്കിൽ ശമ്പളം കൈപ്പറ്റിയിരുന്ന അധ്യാപകർക്ക് അധ്യാപനജോലിയുടെ ഭാഗമായി റെഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തിയതിന് അനധികൃതമായി നൽകിയ പ്രതിഫലത്തുക തിരിച്ചു പിടിക്കണമെന്ന എ ജി യുടെ ആഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്ക് ലഭിക്കേണ്ടിയിരുന്ന യു ജി സി ശമ്പള പരിഷ്കരണ കുടിശ്ശികയുടെ നാലാം ഗഡു തുകയിൽ നിന്നും 20% തടഞ്ഞു വെച്ചിരിക്കുന്നതായും ടി തുക അധ്യാപകർക്ക് വിതരണം ചെയ്യുന്നതിനായി സർവ്വകലാശാല നൽകിയ പ്രതിഫലത്തുകയുടെ വിശദാംശങ്ങൾ സർക്കാരിനെ അറിയിക്കണമെന്ന് ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ 22 .11 . 2019 ൽ കൂടിയ സിൻഡിക്കേറ്റ് ടി വിഷയം പരിഗണിക്കുകയും വാർഷികമായി ഓരോ അധ്യാപകനും മൂല്യനിർണ്ണയം നടത്തേണ്ട ഉത്തരക്കടലാസുകളുടെ എണ്ണം നിശ്ചയിക്കുകയും ചെയ്തു. അതനുസരിച്ച് യു ജി സയൻസ് വിഷയങ്ങൾ 65 ഉത്തരക്കടലാസുകൾ, സയൻസ് ഇതര വിഷയങ്ങൾ 75, പി ജി സയൻസ് വിഷയങ്ങൾ 25, സയൻസ് ഇതര വിഷയങ്ങൾ 30, ബി ടെക് 60 ഉത്തരക്കടലാസുകൾ, ബി എഡ് 50 ഉത്തരക്കടലാസുകൾ, എൽ എൽ ബി 60 ഉത്തരക്കടലാസുകൾ എന്നിങ്ങനെ വാർഷികമായി മൂല്യനിർണ്ണയം നടത്തേണ്ടതാകുന്നു.

Scanned with CamScanner

4 R2(a)2

ഒരു പേപ്പറിന് യു ജി വിഭാഗത്തിന് 10 രൂപ നിരക്കിലും, പി ജി വിഭാഗത്തിന് 15 രൂപ നിരക്കിലും താഴെ പറയുന്ന പ്രകാരം തിരിച്ചു പിടിക്കാവുന്നതാണ്.

**ഓരോ അധ്യാപകനിൽ നിന്നും ഈടാക്കേണ്ട തുക കോളം (6) ൽ പ്രതിപാദിച്ചിരിക്കുന്നു.**

| നമ്പർ (1) | കോഴ്സ് (2) | സെമസ്റ്റർ (3) | അധ്യാപന ജോലിയുടെ ഭാഗമായി മൂല്യനിർണ്ണയം നടത്തേണ്ട ഉത്തരക്കടലാസുകൾ (4) | ഓരോ വർഷവും തിരിച്ചു പിടിക്കേണ്ട തുക (5) | 2010-2015 കാലഘട്ടങ്ങളിൽ തിരിച്ചു പിടിക്കേണ്ട ആകെ തുക (6) |
|---|---|---|---|---|---|
| 1 | യു ജി സയൻസ് ഇതരം | 6 (3 year) | 3*75 = 225 | 2250 | 2250*5 = 11,250 |
| 2 | യു ജി സയൻസ് | 6 (3 year) | 3*65 =195 | 1950 | 1950*5 =9,750 |
| 3 | പി ജി സയൻസ് ഇതരം | 4 (2 year) | 2*30 = 60 | 900 | 900*5 = 4,500 |
| 4 | പി ജി സയൻസ് | 4 (2 year) | 2*25 = 50 | 750 | 750*5 = 3,750 |
| 5 | ബി ടെക് | 8 (4 year) | 4*60 = 240 | 2400 | 2400*5 = 12,000 |
| 6 | ബി എഡ് | 2 (1 year) | 50 | 500 | 500*5 = 2,500 |
| 7 | എൽ എൽ ബി | 10 (5 year) +6 (3year) | 8*60 = 480 | 4800 | 4800*5 = 24,000 |

2010 -15 കാലഘട്ടങ്ങളിൽ പി ജി കോഴ്സുകൾ ഉണ്ടായിരുന്ന കോളേജുകളുടെ വിവരം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

2010 -15 കാലഘട്ടങ്ങളിൽ പ്രിൻസിപ്പൽ തസ്തികയിൽ ജോലി ചെയ്തിരുന്നഅധ്യാപകരെ മൂല്യനിർണ്ണയ ചുമതലകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച നിരക്കിലുള്ള തുക പ്രിൻസിപ്പൽ ഒഴികെയുള്ള എല്ലാ അധ്യാപകരിൽ നിന്നും ഈടാക്കി കേരള സർവ്വകലാശാല ഫണ്ടിലേക്ക് അടക്കേണ്ടതും ബാക്കി തുക അധ്യാപകർക്ക് വിതരണം ചെയ്യാവുന്നതുമാണ്. 2015 -18 കാലഘട്ടങ്ങളിൽ അധ്യാപന ജോലിയുടെ ഭാഗമായി മൂല്യനിർണ്ണയം നടത്തേണ്ട ഉത്തരക്കടലാസുകൾ ഒഴികെ മൂല്യനിർണ്ണയം നടത്തിയതിന് അധ്യാപകർക്ക് ലഭിക്കേണ്ട പ്രതിഫല തുക വിതരണം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിശ്വസ്തതയോടെ

രജിസ്ട്രാർ

Scanned with CamScanner

This is the true copy of the document marked as Annexure -A Referred to the above case.

Advocate

"ഭരണഭാഷ മാതൃഭാഷ"

UGC CELL 3 / 24226 / 2017 / DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 25.02.2020

പ്രേഷകൻ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

ഡെപ്യൂട്ടി ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ വകുപ്പ്,
കൊല്ലം, കോട്ടയം.

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - യൂജിസി സെൽ - പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള അധികതുക തിരിച്ച പിടിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കേരള സർവ്വകലാശാല രജിസ്ട്രാറുടെ 07-01-2020 ലെ എം ആൻഡ് സി II / I / 2019 നമ്പർ കത്ത്.

സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ആയതിലെ നിർദ്ദേശ പ്രകാരം 6ാം യൂ.ജി.സി. സ്കീമിൻറെ 4ാം ഗഡു വിതരണം ചെയ്തപ്പോൾ പിടിച്ചു വച്ച 20% ത്തിൽ നിന്നും മൂല്യനിർണ്ണയത്തിൽ പങ്കെടുത്തിട്ടുള്ള അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള തുക കണക്കാക്കി ആയത് തിരിച്ച് പിടിച്ച ശേഷം ബാക്കിയുള്ള തുക ടി അദ്ധ്യാപകർക്ക് വിതരണം ചെയ്യേണ്ടതാണ് എന്ന് അറിയിക്കുന്നു. സൂചന കത്തിൻറെ പകർപ്പ് കൂടി ഉൾപ്പെടുത്തുന്നു.

ഉള്ളടക്കം :- മേൽപ്പടി

Approval Valid

Digitally Approved By
ഡോ.സുമ കെ.കെ
Date: 25.02.2020
Reason: Approved

വിശ്വസ്തതയോടെ
ഒപ്പ് /-
ഡോ.സുമ കെ.കെ
അഡിഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു
വേണ്ടി

"ഭരണഭാഷ മാതൃഭാഷ"

UGC CELL 3 / 24226 / 2017 / DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 10.03.2020

പ്രേഷകൻ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

പ്രിൻസിപ്പാൾ
കേരള യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ കോളേജുകൾ

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - യൂജിസി സെൽ - പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള അധികതുക തിരിച്ച പിടിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കേരള സർവ്വകലാശാല രജിസ്ട്രാറുടെ 07-01-2020 ലെ എം ആൻഡ് സി II / I / 2019 നമ്പർ കത്ത്.

6ാം യൂ.ജി.സി. സ്കീമിൻറെ കുടിശികയുടെ 4ാം ഗഡു വിതരണം ചെയ്തപ്പോൾ പിടിച്ചു വച്ച 20% ത്തിൽ നിന്നും മൂല്യനിർണ്ണയത്തിൽ പങ്കെടുത്തിട്ടുള്ള അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള തുക സൂചന കത്തിലെ നിർദ്ദേശ പ്രകാരം കണക്കാക്കി ആയത് തിരിച്ച് പിടിച്ച ശേഷം ബാക്കിയുള്ള തുക ടി അദ്ധ്യാപകർക്ക് വിതരണം ചെയ്യേണ്ടതാണ് എന്ന് അറിയിക്കുന്നു. സൂചന കത്തിൻറെ പകർപ്പ് കൂടി ഉൾപ്പെടുത്തുന്നു.

ഉള്ളടക്കം :- മേൽപ്പടി

വിശ്വസ്തതയോടെ
ഒപ്പ് /-
ഡോ.സുമ കെ.കെ
അഡീഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

Approval Valid

Digitally Approved By
ഡോ.സുമ കെ.കെ
Date: 10.03.2020
Reason: Approved

"ഭരണഭാഷ മാതൃഭാഷ"

UGC CELL 3 / 24226 / 2017 / DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം - 33.

തീയതി: 11.08.2020

പ്രേഷകൻ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. ഡെപ്യൂട്ടി ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ വകുപ്പ്,
കൊല്ലം, കോട്ടയം.

2. പ്രൻസിപ്പാൾ,
കേരള സർവ്വകലാശാല അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ഗവ. കോളേജുകൾ.

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - യു. ജി. സി. സെൽ - പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് നൽകിയിട്ടുള്ള അധികതുക തിരിച്ച പിടിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. കേരള സർവ്വകലാശാല രജിസ്ട്രാറുടെ 07-01-2020 ലെ എം ആൻഡ് സി II / I / 2019 നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ 25.02.2020 ലെ ഇതേ നമ്പർ കത്ത്.

ഈ കാര്യാലയത്തിലെ സൂചന (2) കത്തിൽ സ്വീകരിച്ച നടപടി അറിയിക്കാൻ താത്പര്യപ്പെടുന്നു.

# Approval Valid

Digitally Approved By
ഡോ. അരവിന്ദ് കൃഷ്ണൻ.കെ
Date: 11.08.2020
Reason: Approved

വിശ്വസ്തതയോടെ
ഒപ്പ് /-
ഡോ. അരവിന്ദ് കൃഷ്ണൻ.കെ
പ്രിൻസിപ്പൾ ഇൻ ചാർജ് ഓഫ്
അഡിഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു
വേണ്ടി